**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4095** **17-03-2025 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതിയിലെ കൈവശ ഭൂമിയുടെ പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് ഭവന പദ്ധതിയിൽ വീട് നിർമ്മാണത്തിന് അർഹത ലഭിക്കുന്നതിന് കൈവശ ഭൂമിയുടെ പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ഗ്രാമപഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ പരിധിയിലുള്ള താമസക്കാർക്ക് എത്ര സെന്റ് വീതമാണെന്ന് വ്യക്തമാക്കാമോ; | (എ) | 27.07.2020-ലെ സ.ഉ.(കൈ) 112/2020/തസ്വഭവ ഉത്തരവിലെ ഭൂമിയുള്ള ഭവനരഹിതരുടെ അർഹതാ മാനദണ്ഡങ്ങളിൽ ക്രമനമ്പർ 4-ആയി ഭൂമിയുടെ പരിധി നിശ്ചയിച്ചിട്ടുണ്ട്.<br><br>പ്രസ്തുത ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ, മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. (പട്ടികജാതി/ പട്ടികവർഗ്ഗ/ മത്സ്യ തൊഴിലാളി വിഭാഗത്തിന് ബാധകമല്ല) |
| (ബി) | പുതുതായി രൂപീകരിക്കപ്പെട്ടതും ഗ്രാമീണ സ്വഭാവമുള്ളതുമായ നഗരസഭകളിൽ അഞ്ച് സെന്റിൽ അൽപം മാത്രം കൂടുതലുള്ള ഭൂമി കൈവശമുണ്ട് എന്നതിന്റെ പേരിൽ ഭവന നിർമ്മാണ ധനസഹായം നിഷേധിക്കപ്പെട്ട ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വീടിനുള്ള സഹായം ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | മാനദണ്ഡങ്ങൾ പ്രകാരം ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ പട്ടികയിൽ നിലവിൽ ഉൾപ്പെട്ടവർക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്ന നടപടി സർക്കാർ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ